ശ്രീ. ലോനപ്പൻ നമ്പാടൻ: തൃശ്ശൂർ ജില്ലയിലെ വ്യവസായ ഉപദേശകസമിതി ഇതുവരെ കൂടിയിട്ടില്ലെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഉണ്ടെങ്കിൽ അതു സത്വരമായി വിളിച്ചു കൂട്ടുന്നതിനുള്ള നിർദ്ദേശം നൽകുമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: എനിക്ക് കിട്ടിയ വിവരമനുസരിച്ച് തൃശ്ശൂരിൽ രണ്ടു പ്രാവശ്യം കൂടിയെന്നാണ്. അതു വേണമെങ്കിൽ ഒന്നുകൂടി പരിശോധിക്കാം.

ശ്രീ. പി. ബാലൻ: കമ്മിറ്റി കൂടിയില്ലെങ്കിലും പാലക്കാട് ജില്ലയിലെ കൺവീനർ എന്ന ദേഹത്തോട് എൻകോസ്, പെൻ കോസ്, മെൻകോസ് തുടങ്ങിയ തകർന്ന സ്ഥാപനങ്ങളെ പുനരുദ്ധരിക്കുന്നതിന് പരിപാടിയുണ്ടോ എന്ന് അന്വേഷിച്ചപ്പോൾ അതിന്റെ പരിധിയിൽ വരുകയില്ലെന്നു പറഞ്ഞു. അതുകൊണ്ട് ഇതിന്റെ പരിധിയിൽ വരുന്ന വ്യവസായങ്ങൾ ഏതെല്ലാമാണെന്നു വ്യക്തമാക്കാമോ?

ശ്രീ. പി.എസ്. ശ്രീനിവാസൻ: ഈ പറഞ്ഞ വ്യവസായങ്ങളെ പുനരുദ്ധരിക്കാൻ സിഡ്കോയുടെ നേതൃത്വത്തിൽ പ്രത്യേക സംവിധാനമുള്ളതുകൊണ്ടായിരിക്കാം അങ്ങനെ പറഞ്ഞത്. ഇതും അതിന്റെ കീഴിൽ വരുന്നതാണ്.

ടിമ്പർ ആൻറ് പ്ലൈവുഡ് മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട്

* 776 [845] ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള:
ഡാക്ടർ കെ.ജി. അടിയോടി:
ശ്രീ. തെന്നലബാലകൃഷ്ണപിള്ള:
,, റ്റി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിമ്പർ ആൻറ് പ്ലൈവുഡ് മിനിമം വേജസ് കമ്മിറ്റി റിപ്പോർട്ട് ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ;

(സി) കമ്മിറ്റിയുടെ റിപ്പോർട്ട് എന്നേക്ക് നടപ്പാക്കുമെന്ന് വ്യക്തമാക്കുമോ?

തൊഴിലും ഭവനനിർമ്മാണവും വകുപ്പു മന്ത്രി (ശ്രീ. എം. കെ. രാഘവൻ):

(എ) ഉണ്ട്.

(ബി) കമ്മിറ്റി റിപ്പോർട്ട് മിനിമം വേജസ് ഉപദേശകസമിതിയുടെ പരിശോധനക്കായി അയച്ചിരിക്കുകയാണ്. സമിതിയുടെ ഉപദേശം ഇതുവരെ കിട്ടിയിട്ടില്ല.

(സി) മിനിമം വേജസ് ഉപദേശക സമിതിയുടെ ഉപദേശം കിട്ടിയതിനുശേഷമേ ഇക്കാര്യത്തിൽ ഗവൺമെൻറ് ഒരു തീരുമാനമെടുക്കുകയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തുണ്ടത്തിൽ കുഞ്ഞുകൃഷ്ണപിള്ള: ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ? അതിൽ നടപ്പാക്കാവുന്ന കാര്യങ്ങളൊക്കെ നടപ്പാക്കാൻ വേണ്ട സത്വരമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: തീർച്ചയായും കമ്മിറ്റിയുടെ ഉപദേശം കിട്ടിയതിനുശേഷം നടപ്പാക്കാവുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്യുന്നതാണ്.

ശ്രീ. സേവ്യർ അറയ്ക്കൽ: ഈ റിപ്പോർട്ട് എന്നാണ് കിട്ടിയത്, അഡ്വൈസറി കമ്മിറ്റിക്ക് എന്നു വിട്ടു, എന്നു മറുപടി തരണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്?

ശ്രീ. എം.കെ. രാഘവൻ: ഈ റിപ്പോർട്ട് ഉപദേശക സമിതിക്ക് കിട്ടിയത് 2.12.1978 ലാണ്. 2.12.1978-ൽ കിട്ടിയ ഉടൻതന്നെ ഉപദേശക സമിതിയുടെ കാലാവധി കഴിഞ്ഞു. ആ ഉപദേശകസമിതി റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്യേണ്ടിയിരിക്കുന്നു. ഇപ്പോൾ റീ കാൺസ്റ്റിറ്റ്യൂട്ട് ചെയ്തിരിക്കുകയാണ്. അതിനുശേഷമേ പരിഗണിക്കുകയുള്ളൂ.

ശ്രീ. ചടയൻ ഗോവിന്ദൻ: മിനിമം വേജസ് അഡ്വൈസറി കമ്മിറ്റി പുനഃസംഘടിപ്പിക്കപ്പെട്ടു എന്നു പറഞ്ഞു. അതിനുശേഷം അതിന്റെ യോഗം നടന്നോ, ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണെന്നു വ്യക്തമാക്കാമോ?

ശ്രീ. എം.കെ. രാഘവൻ: യോഗം കൂടാറായിട്ടില്ല. കമ്മ്യൂണിക്കേഷൻസ് പോയിട്ടില്ല. വളരെ വൈകിയാണ് പ്രതിനിധികളുടെ പേര് അയച്ചുതന്നത്.

ശ്രീ. പി.ആർ. ഫ്രാൻസീസ്: മിനിമം വേജസ് നിശ്ചയിച്ചുകഴിഞ്ഞിട്ട് അഞ്ചു വർഷം കഴിഞ്ഞിരിക്കുന്നതുകൊണ്ട് അതു പുതുക്കി നിശ്ചയിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? നിശ്ചയിച്ചിട്ടുള്ള മിനിമം വേജസിനേക്കാൾ കൂടുതലായി നാൽപ്പതും അൻപതും ശതമാനത്തോളം കൂടുതൽ വേതനം സമരങ്ങളുടേയും മറ്റും ഫലമായി തൊഴിലാളികൾ പല വ്യവസായങ്ങളിലും വാങ്ങിക്കൊണ്ടിരിക്കുന്നതിനാൽ ഇത് അടിയന്തിരമായി പുതുക്കി നിശ്ചയിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ?

ശ്രീ. എം.കെ. രാഘവൻ: ഈ കാര്യത്തിൽ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. മിനിമം വേജസ് നിശ്ചയിച്ചുകഴിഞ്ഞാലും അതിൽ ഉപരിയായി ഒത്തുതീർപ്പിന്റെ അടിസ്ഥാനത്തിലും മറ്റും കൂടുതൽ കൂലി നിശ്ചയിക്കുന്നതിന് യാതൊരു തെറ്റുമില്ല.

ശ്രീ. സി.എ. കുര്യൻ: മിനിമം വേജസ് നിശ്ചയിക്കുന്നതിന് വളരെ വർഷങ്ങൾക്കു മുൻപ് ഇൻഡ്യൻ ലേബർ കോൺഫറൻസ് ചില ഗൈഡ്ലൈൻസ് നൽകിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റ് മിനിമം വേജസ് കമ്മിറ്റി രൂപീകരിച്ച അവസരത്തിൽ വ്യക്തമായ ഗൈഡ്ലൈൻസ് നൽകാത്തതുകൊണ്ട് ഓരോ കമ്മിറ്റിയും തോന്നുന്ന രീതിയിലാണ് ശുപാർശ ചെയ്തത്. അതുകൊണ്ട് മിനിമം വേജസ് നിശ്ചയിക്കുന്നതിനെ സംബന്ധിച്ചിടത്തോളം വ്യക്തമായ ഗൈഡ്ലൈൻസ് നൽകുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം.കെ. രാഘവൻ: മിനിമം വേജസ് കമ്മിറ്റിക്ക് ഗൈഡ് ലൈൻസ് ഇല്ലെന്നു പറയുന്നത് ശരിയല്ല. അത് ഒബ്സർവ് ചെയ്യുന്നില്ലെന്നുള്ളതാണ് സത്യം. ഐ.എൽ.ഓ. യുടെ നേതൃത്വത്തിൽത്തന്നെ മിനിമം വേജസ് ഫിക്സ് ചെയ്യുന്നതിന് ചില ഗൈഡ്ലൈൻസ് ഉണ്ട്. അതു പാലിക്കപ്പെടുന്നില്ല, അതനുസരിച്ച് മിനിമം വേജസ് ഫിക്സേഷൻ നടക്കുന്നില്ലെന്നുള്ളതാണ് ശരി.

ശ്രീ. എസ്. ത്യാഗരാജൻ: ടിമ്പർ ആൻറ് പ്ലൈവുഡ് വ്യവസായത്തിൽ ഇപ്പോഴും നിലവിലിരിക്കുന്ന മിനിമം വേജസ് എന്നു പുതുക്കി നിശ്ചയിച്ചതാണെന്നു പറയാമോ?

ശ്രീ. എം.കെ. രാഘവൻ: ഇപ്പോഴും എന്റെ കയ്യിൽ അതിന്റെ വിവരമില്ല.

ശ്രീ. എം.വി. രാഘവൻ: ടിമ്പർ ആൻറ് പ്ലൈവുഡ് വ്യവസായത്തിൽ അഡ്വൈസറി കമ്മിറ്റി 1978 ഫെബ്രുവരി മാസത്തിനുശേഷം ഇല്ലെന്നു പറയുന്നത് ശരിയല്ല. അഡ്വൈസറി കമ്മിറ്റി യോഗം ചേർന്നിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. അങ്ങനെ യോഗം ചേരാതിരുന്നതിന് കാരണമെന്താണെന്നു ഗവൺമെൻറ് പരിശോധിച്ചിട്ടുണ്ടോ?

ശ്രീ. എം.കെ. രാഘവൻ: ഈ അഡ്വൈസറി കമ്മിറ്റികൂടി അവർ തന്നെ തീരുമാനമെടുത്തതാണ്, ഞങ്ങളുടെ കാലാവധി കഴിഞ്ഞിരിക്കുന്നു, അതുകൊണ്ട് പ്രവർത്തനരഹിതമായിരിക്കുന്നു, പുതിയ കമ്മിറ്റി തീരുമാനിക്കട്ടെ എന്ന്. അതുകൊണ്ടു സംഭവിച്ചതാണ്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ഈ റിപ്പോർട്ട് ഗവൺമെൻറിന്റെ കയ്യിൽ കിട്ടുന്നതിനുമുൻപ് റിപ്പോർട്ട് അവസാനമായി അംഗീകരിച്ചത് എന്നാണ്? ഇതു കേൾക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. ഗവൺമെൻറിലേക്ക് വരുന്നതിൽ കാലതാമസം വന്നിട്ടുണ്ടോ? ഒരു വർഷത്തിൽ കൂടുതലായി ഈ റിപ്പോർട്ട് നടപ്പാക്കുന്നില്ലെന്നുള്ള പരാതി കേട്ടു തുടങ്ങിയിട്ട്.

ശ്രീ. എം.കെ. രാഘവൻ: ഇതിനകത്ത് അൽപ്പം താമസമുണ്ടായിട്ടുണ്ട്. ഈ റിപ്പോർട്ട് പ്രിൻറു ചെയ്തത് ഗവൺമെൻറിനു അയച്ചതിനു ശേഷം അതു തെറ്റി ലേബർ കമ്മീഷണർ ആഫീസിലേക്ക് അയച്ചു. അവിടെനിന്നു വീണ്ടും അഡ്വൈസറി ബോർഡിന് അയച്ചുകൊടുക്കുകയാണ് ഉണ്ടായത്. അഡ്വൈസറി ബോർഡ് തിരിച്ചയച്ചു കൊടുക്കുന്നതിന് കാലതാമസം വരുത്തിയിട്ടുണ്ട്. ഏതാണ്ട് മൂന്നു നാലു മാസം കാലതാമസം വന്നിട്ടുണ്ട്.

കൈത്തറി വികസന പദ്ധതി

* 777 [846] ശ്രീ. എം.വി. രാജൻ:
,, സേവ്യർ അറയ്ക്കൽ:
,, പി. ബാലൻ:
,, എം.പി. ഗംഗാധരൻ:
,, കെ. എസ്. നാരായണൻ നമ്പൂതിരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly